"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 43 കാര്യാലയങ്ങളിൽ ആധാർ അധിഷ്ഠിത പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.10/2024/SJD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:- 1. 29.11.2023 ലെ എസ് ജെ ഡി /4027/2021-എഫ് 2 നം. കത്ത്

2. 12.12.2023 ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗം

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 43 കാര്യാലയങ്ങളിൽ/സ്ഥാപനങ്ങളിൽ കെൽട്രോൺ മുഖേന പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 43 മെഷീനുകൾക്ക് 28,91,261/- രൂപയും പഞ്ച് ചെയ്യുന്നതിനുള്ള 600 ഐ.ഡി കാർഡുകൾക്ക് 1,35,431/- രൂപയും ചേർത്ത് ആകെ 30,26,692/- രൂപയുടെള്ള എസ്റ്റിമേറ്റ് കെൽട്രോൺ സമർപ്പിച്ചിട്ടുണ്ടെന്നും, പ്രസ്തുത തുക 2023-2024 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നുമഭ്യർത്ഥിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

(2) പരാമർശം (2) പ്രകാരമുള്ള 4-ാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ മേൽ പ്രൊപ്പോസൽ പരിഗണിക്കുകയും ഭരണാനുമതി നല്കാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭരണ സംവിധാനം മെച്ചപ്പെടുത്തലും, കാര്യക്ഷമതാ പരിപോഷണവും എന്ന പദ്ധതിയ്ക്കായി 6,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ, "ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കലും വാർഷിക അറ്റകുറ്റപണികളും" എന്നത് ഉപപദ്ധതിയായി ഉൾപ്പെട്ടിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിൽ ആധാർ അധിഷ്ഠിത പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ 2235-02-001-96-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും 30,26,692/- രൂപ (മുപ്പത് ലക്ഷത്തി ഇരുപത്താറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)

വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Remya Kumari L
Date: 09-01-2024 14:08:17
സെക്ഷൻ ഓഫീസർ

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്)
ഡയറക്ടർ, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർേമഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം,
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്